ജി(2)18779/07

സഹകരണസംഘം രജിസ്ട്രാർ ആഫീസ്
തിരുവനന്തപുരം, തീയതി.2.11.2011

E-mail-keralarcs@coop.kerala.gov.in
Website: www.cooperation.kerala.gov.in
Tel. No. 0471-2330726

# സർക്കുലർ നമ്പർ 78/2011

വിഷയം: സഹകരണ സംഘങ്ങൾ - അഡ്വക്കേറ്റ് ഫീസ് കൊടുക്കുന്നതിൽ നിയന്ത്രണം വേണ്ടത് - മാർഗ്ഗനിർദ്ദേശം നൽകുന്നത് - സംബന്ധിച്ച്

സഹകരണ സംഘങ്ങൾ പ്രത്യേകിച്ച് വായ്പാ സംഘങ്ങൾ ഫയൽ ചെയ്യുന്ന ആർബിട്രേഷൻ എക്സിക്യൂഷൻ കേസുകൾ മറ്റ് നിയമ നടപടി കൾക്കും, അന്വേഷണ കമ്മീഷനുകൾക്കും രജിസ്ട്രാറുടേയോ, സർക്കാ രിന്റേയോ ഉത്തരവ് നിർദ്ദേശങ്ങൾ ചോദ്യം ചെയ്തുകൊണ്ട് ഫയൽ ചെയ്യുന്ന റിട്ട് പെറ്റീഷനുകൾ, അപ്പീലുകൾ തുടങ്ങിയവയ്ക്കായും ഭീമമായ തുകകൾ കേസ് ചെലവായി ചെലവഴിക്കുന്നുണ്ട്. ഇക്കാര്യത്തിൽ പലപ്പോഴും നിയമാനുസൃതമുള്ള രസീതോ ഒന്നും ഇല്ലാതെ, സംഘം സെക്രട്ടറി തന്നെ എഴുതി ഒപ്പിട്ടു വയ്ക്കുന്നതോ, അഡ്വക്കേറ്റിന്റെ ലെറ്റർ പാഡിൽ എഴുതി നൽകുന്നതോ ആയിരിക്കെ ഇതിന്റെ സാംഗത്യം അറിയാൻ കഴിയുന്നില്ല.

മേൽ സാഹചര്യത്തിൽ അമിതമായ കേസ് ചെലവുകൾ ഒഴിവാക്കണമെന്നും, ടി ഇനത്തിൽ സംഘം ചെലവാക്കുന്ന തുക സംഘത്തിന്റെ വൗച്ചറുക ളിൽ തന്നെ ഇത് നിയമാനുസൃതം എഴുതി വാങ്ങി സൂക്ഷിക്കണമെന്നും, പൊതുയോഗത്തിൽ കേസ് ചെലവുകൾ എന്നത് അവതരിപ്പിക്കുമ്പോഴും ആർബിട്രേഷൻ കേസ്, എക്സിക്യൂഷൻ, റിട്ട്/അപ്പീൽ എന്നിങ്ങനെ പൊതു യോഗത്തില ഹാജരായ അംഗങ്ങൾക്ക് മനസ്സിലാകുന്ന രീതിയിൽ പ്രത്യേകം പരാമർശിക്കണമെന്നും നിർദ്ദേശിക്കുന്നു. മേൽ നിർദ്ദേശങ്ങൾക്ക് വിരുദ്ധ

മായി പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങൾക്കെതിരെ നടപടി സ്വീകരിക്കുന്നതും, സ്ഥാപനത്തിനുണ്ടായ നഷ്ടം ഉത്തരവാദികളിൽ നിന്ന് ഈടാക്കുന്നതിന് നടപടി സ്വീകരിക്കുന്നതുമാണ്.

ബന്ധപ്പെട്ട വകുപ്പ് ഉദ്യോഗസ്ഥൻമാർ എല്ലാ സ്ഥാപനങ്ങളുടെയും ശ്രദ്ധയിൽ ഈ സർക്കുലർ നിർദ്ദേശം കൊണ്ടു വരേണ്ടതും. അവ കർശന മായി പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

ഒപ്പ്
സഹകരണസംഘം രജിസ്ട്രാർ

പകർപ്പ്

1. എല്ലാ ജോയിന്റ് രജിസ്ട്രാർമാർക്കും/ജോയിന്റ് ഡയറക്ടർമാരും
2. എല്ലാ അസിസ്റ്റന്റ് രജിസ്ട്രാർക്കും/ അസിസ്റ്റന്റ് ഡയക്ടർമാർക്കും (ജോയിന്റ് രജിസ്ട്രാർ/ജോയിന്റ് ഡയറക്ടർ മുഖേന)
3. ഈ ഓഫീസിലെ എല്ലാ ആഫീസർമാർക്കും
4. എഡിറ്റർ (സഹകരണ വീഥി)
5. ഐ.റ്റി ഡിവഷൻ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
6. സഹകരണസംഘം രജിസ്ട്രാറുടെ മേശപ്പുറത്ത്
7. സ്റ്റോക്ക് ഫയൽ

ആജ്ഞാനുസരണം

ഡെപ്യൂട്ടി രജിസ്ട്രാർ (വിജിലൻസ്)

എം.വി